**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6367 21.11.2019-ൽ മറുപടിയ്ക്ക്**

## ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.ജി.സുധാകരൻ** <br> **(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) | അടിസ്ഥാനസൗകര്യവികസനത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന ഹിൽ ഹൈവേയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 10.07.2017 ലെ ജിഒ(ആർ.റ്റി)നം.942/2017/ പി.ഡബ്ല്യു.ഡി പ്രകാരം മലയോര ഹൈവേ നിർമ്മാണത്തിനായി 3500 കോടി രൂപ അനുവദിച്ച് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 12 മീറ്റർ വീതിയിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. 12 മീറ്റർ വീതിയിൽകുറവുള്ള സ്ഥലങ്ങളിൽ ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി സ്ഥലം ലഭ്യമാക്കി പദ്ധതി നടത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഓരോ ജില്ലയിലും വിവിധ റീച്ചുകളായി തിരിച്ചാണ് മലയോര ഹൈവേ നിർമ്മാണം നടപ്പിലാക്കുന്നത്. ഇതുവരെ 26 റീച്ചുകളുടെ ഡി.പി.ആർ.കിഫ്ബിയിൽ സമർപ്പിച്ചു. (തിരുവനന്തപുരം - 4, കൊല്ലം -1, ഇടുക്കി -3, എറണാകുളം - 2, തൃശ്ശൂർ -2, പാലക്കാട് - 2, മലപ്പുറം - 3, കോഴിക്കോട് - 3, വയനാട് - 2, കാസർഗോഡ് -4). ഇതിൽ 18 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഈ 18 റീച്ചുകൾക്കുമായി 1506.24 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ച റീച്ചുകളുടെ ആകെ നീളം 460.599 കി.മീ. ആണ്. അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. <br><br> **തിരുവനന്തപുരംജില്ല — നീളം** <br> 1.കള്ളിക്കാട് പാറശ്ശാല ഒന്നാംഘട്ടം - 15.495 കി.മീ. |

2.കള്ളിക്കാട് പാറശ്ശാല രണ്ടാം ഘട്ടം - 15.705 കി.മീ.

3.കൊല്ലായിൽ ചല്ലമുക്ക് വിതുര റോഡ് - 21.08 കി.മീ.

4. പെരിങ്ങമല വിതുര റോഡ് -9.450 കി.മീ.

**കൊല്ലം ജില്ല.**

5. പുനലൂർ അഗസ്ത്യകോട് റോഡ് - 48.10 കി.മീ.

**ഇടുക്കി ജില്ല.**

6. കട്ടികാനം ചപ്പാത്ത് റോഡ് - 19.00 കി.മീ.

7. പീരുമേട് ദേവികുളം റോഡ് - 27.717 കി.മീ.

**തൃശ്ശൂർ ജില്ല.**

8. വെള്ളിക്കുളങ്ങര വെറ്റിലപ്പാറ റോഡ് - 19.00 കി.മീ.

**മലപ്പുറം ജില്ല.**

9. പൂക്കോട്ടുപാടം തമ്പുരാട്ടികല്ല് - 32.19 കി.മീ.

10. പൂക്കോട്ടുപാടം മൂലേപാടം - 20.50 കി.മീ.

11. പൂക്കോട്ടുപാടം കാളികാവ് - 26.31 കി.മീ.

**കോഴിക്കോട് ജില്ല.**

12. പുല്ലൂവ തൊട്ടിൽപാലം - 28.00 കി.മീ.

13. കോടഞ്ചേരി കക്കാടംപൊയിൽ - 35.35 കി.മീ.

**വയനാട് ജില്ല..**

14 .പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ് റോഡ് - 16.75 കി.മീ.

**കാസർഗോഡ് ജില്ല.**

15. ചേവാർ ഇടപ്പറമ്പ - 49.675 കി.മീ.

16. നന്ദാരപ്പടവ് ചേവാർ - 23.00 കി.മീ.

17. കൊളിച്ചൽ ചെറുപുഴ - 28.877 കി.മീ.

18. കൊളിച്ചൽ ഇടപറമ്പ -24.40 കി.മീ.

**(ബി)** ഏതൊക്കെ ജില്ലകളിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് ഇപ്പോൾ ഹിൽ ഹൈവേ പൂർത്തീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

**(ബി)** തിരുവനന്തപുരം ജില്ലയിലെ 2 പ്രവൃത്തികളും കൊല്ലം, വയനാട് ജില്ലകളിലെ ഓരോ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ 3 പ്രവൃത്തികളും ഉൾപ്പെടെ 177.702 കി.മീ. ദൂരത്തിൽ 7 പ്രവൃത്തികൾ ആരംഭിച്ചു. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരംജില്ല . നീളം**

1. കള്ളിക്കാട് പാറശ്ശാല ഒന്നാം ഘട്ടം - 15.495 കി.മീ.

2. കൊല്ലായിൽ ചല്ലമുക്ക് വിതുര റോഡ് - 21.08 കി.മീ.

**കൊല്ലം ജില്ല .**

3. പുനലൂർ അഗസ്ത്യകോട് റോഡ് - 48.10 കി.മീ.

**വയനാട് ജില്ല.**

4. പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ് റോഡ് - 16.75 കി.മീ.

**കാസർഗോഡ് ജില്ല**

5. നന്ദാരപ്പടവ് ചേവാർ - 23.00 കി.മീ.
6. കൊളിച്ചൽ ചെറുപുഴ -28.877 കി.മീ.
7. കൊളിച്ചൽ ഇടപറമ്പ -24.40 കി.മീ.

ഈ റീച്ചുകളുടെ നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ ഒന്നും തന്നെ പൂർത്തിയായിട്ടില്ല.

(സി) കോഴിക്കോട് ജില്ലയിൽ എത്ര കിലോമീറ്റർ ദൂരത്തിൽ ഏതൊക്കെ നിയോജക മണ്ഡലങ്ങളിലൂടെയാണ് ഹിൽ ഹൈവേ കടന്നുപോകുന്നതെന്നും എത്ര കിലോമീറ്റർ ദൂരത്തിലാണെന്നും വെളിപ്പെടുത്താമോ;

(സി) കോഴിക്കോട് ജില്ലയിൽ ആകെ 117.3 കി.മീ. നീളത്തിൽ പുല്ലുവ മുതൽ കക്കാടം പൊയിൽ വരെയാണ് ഹിൽ ഹൈവേ കടന്നു പോകുന്നത്. നാദാപുരം, പേരാമ്പ്ര, ബാലുശ്ശേരി, കൊടുവള്ളി, തിരുവമ്പാടി എന്നീ നിയോജക മണ്ഡലത്തിലൂടെയാണ് കടന്നു പോകുന്നത്.

(ഡി) ബാലുശ്ശേരി മണ്ഡലത്തിൽ പന്ത്രണ്ട് മീറ്റർ വീതി ലഭ്യമായ എത്ര കിലോമീറ്റർ ദൂരമാണ് നിലവിലുള്ളത്;

(ഡി) ബാലുശ്ശേരി മണ്ഡലത്തിൽ മലയോര ഹൈവേയുടെ കി.മീ.51/325 (കുരാച്ചുണ്ട്) മുതൽ കി.മീ. 63/800 (പടിക്കൽ വയൽ) വരെയുള്ള 12.555 കി.മീ. ഭാഗമാണ് ഉൾപ്പെടുന്നത്. ഇതിൽ കി.മീ. 57/150 (28ാം മൈൽ) മുതൽ കി.മീ. 63/800 (പടിക്കൽ വയൽ) വരെ 6.650 കി.മീ. നീളത്തിലും 12 മീറ്റർ വീതിയിലും സ്ഥലം ലഭ്യമാണ്.

(ഇ) നിലവിൽ അഞ്ചുകിലോമീറ്റർ ദൂരത്തിൽ പന്ത്രണ്ട് മീറ്റർ ലഭ്യമാണെങ്കിൽ ടെണ്ടർ നടപടി ആരംഭിച്ച് പ്രവൃത്തി തുടങ്ങാമെന്നിരിക്കെ ബാലുശ്ശേരി മണ്ഡലത്തിൽ സ്ഥലം ലഭ്യമായ പ്രദേശങ്ങളിലെ ഡി.പി.ആർ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഇ) 6.65 കി.മീ. നീളത്തിലുള്ള ഭാഗത്ത്, 12 മീറ്റർ വീതിയിൽ, ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന് പൂർണ്ണമായും സ്ഥലം ലഭ്യമായിട്ടുണ്ട്. ഈ ഭാഗത്തിനുള്ള ഡി.പി.ആർ തയ്യാറാക്കി വരുന്നു. എത്രയും പെട്ടെന്ന് കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ